➪ പലപ്പോഴും കോടതി പൗരന്റെ അവസാനത്തെ അഭയമായി തീരാറുണ്ട് ➪

# ശബരിമല സ്ത്രീപ്രവേശനം: ഒരു ഗാന്ധിയൻ പ്രാർത്ഥന

യഥാർത്ഥ ഹിന്ദുയിസമെന്നത് സത്യത്തിലും അഹിംസയിലുമൂന്നുന്ന ജീവിതരീതിയാണെന്ന വസ്തുത ഒരു ഗാന്ധിയൻ കണ്ണിലൂടെ വായിച്ചറിഞ്ഞത് ശരിയായ വിശ്വാസമുള്ള ആണും പെണ്ണും ശബരിമലയിൽ പ്രവേശിക്കട്ടെ. ആചാരങ്ങളല്ല, ആയിരം സൂര്യന്മാരായി പ്രകാശിക്കുന്ന സത്യമാണ്, ഏത് മതത്തിന്റെയും അന്തസ്സത്തയെന്ന് ഗാന്ധി അടിവരയിട്ടത് ഓർക്കുക.

**കെ. അരവിന്ദാക്ഷൻ**

**ഇന്ത്യൻ** രാഷ്ട്രീയം ഗുരുതരമായ മലിനീകരണത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിയ്ക്കുന്ന കാലത്ത് ജനാധിപത്യത്തിന്റെ കാവലാളായിരിക്കാനുള്ള ഉത്തരവാദിത്തം സുപ്രീംകോടതിയ്ക്കുണ്ട്. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനശില നമ്മുടെ ഭരണഘടനയാണ്. ഭരണഘടനയെ നോക്കുകുത്തിയാക്കുന്ന കോടതിവിധികൾ 1970-കൾ മുതൽ ഉണ്ടായിട്ടുണ്ടെങ്കിലും, പലപ്പോഴും കോടതി പൗരന്റെ അവസാനത്തെ അഭയമായി തീരാറുണ്ട്. പൗരാവകാശധർമ്മം ഉയർത്തിപ്പിടിയ്ക്കാറുണ്ട്.

ചിഫ് ജസ്റ്റിസ് ദീപക് മിശ്ര റിട്ടയർ ചെയ്യുന്ന (2018 ഒക്ടോബർ 1)തിന് മുമ്പുള്ള മാസങ്ങളിൽ ഉന്നത നീതിപീഠം ലിംഗമസമത്വവുമായി ബന്ധപ്പെട്ട മൂന്ന് ചരിത്ര വിധികൾ പ്രസ്ഥാവിക്കുകയുണ്ടായി. Lesbian, Gay, Bisexual, Transgender, Queer (LGBTQ) എന്നിവരുടെ ലൈംഗിക സ്വാതന്ത്ര്യം നിയമവിധേയമാക്കിയതാണ് ഒന്നാമത്തേത്. വിവാഹേതരബന്ധങ്ങൾക്ക് (Adultery) നിയമസാധുത നൽകുന്നതാണ് രണ്ടാമത്തേത്. ശബരിമല ക്ഷേത്രത്തിൽ ഏത് പ്രായത്തിലുമുള്ള സ്ത്രീകൾക്കും പ്രവേശനം അനുവദിക്കുന്നതാണ് മൂന്നാമത്തേത്. യാഥാസ്ഥിതിക ലൈംഗിക ധാരണകളെയും ആചാരാനുഷ്ഠാനങ്ങളെയും പുരുഷമേധാവിത്വത്തിൽനിന്നും പ്രകൃതിവിരുദ്ധ കാഴ്ചപ്പാടുകളിൽനിന്നും മോചിപ്പിക്കുന്നതാണ് മൂന്ന് വിധികളും. പൗരന്റെ ലൈംഗികതയെ എല്ലാ ശാരീരിക അതിർത്തികളിൽനിന്നും സ്വതന്ത്രമാക്കാനുള്ള ജനാധിപത്യത്തിന്റെ ആദ്യപടിയായുള്ള നിർവഹണമായി ഇതിനെ കണക്കാക്കാം. വിധികൾ സമൂഹത്തിന്റെ ആന്തരിക കോശങ്ങളിലെത്തി സാമൂഹിക-സാംസ്കാരിക-ആത്മീയ രക്തചംക്രമണത്തിലെത്താൻ വർഷങ്ങൾ എടുക്കും. വിധി പുറപ്പെടുവിക്കാനേ നീതിപീഠത്തിന് കഴിയൂ. അത് പ്രാവർത്തികമാക്കാൻ ധാർമ്മികതയുള്ള രാഷ്ട്രീയം മാത്രം പോരാ, സാധാരണക്കാരായ ജനങ്ങളും വേണമല്ലോ. സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാനുള്ള അവകാശവും കീഴാളർക്ക് പൊതുവഴികളും ക്ഷേത്രം, വിദ്യാലയങ്ങൾ അടക്കമുള്ള ഇടങ്ങളും പൗരന്മാരായ തങ്ങളുടേതുകൂടിയാണെന്ന അവകാശബോധം വേരുകളാഴ്ത്താൻ വർഷങ്ങളെടുത്തു. ഇവയെ എതിർക്കാൻ അന്നും ഇന്നും യാഥാസ്ഥിതികത്വം കൊടുവാളുകളുയർത്തിയിട്ടുണ്ട്. ഇന്നതിൽ രാഷ്ട്രീയലാഭത്തിന്റെ നഗ്നമായ സൂത്രവാക്യങ്ങളുണ്ടെന്ന് മാത്രം.



ഗാന്ധിജി വൈക്കം സത്യാഗ്രഹ വേദിയിൽ

ശബരിമല ക്ഷേത്രത്തിൽ പ്രായഭേദമന്യേ സ്ത്രീകൾക്ക് പ്രവേശിക്കാമെന്ന വിധിയ്ക്കെതിരെ ഹിന്ദുമതവിശ്വാസികളായ കുറേ ഭക്തരെ തെരുവിലിറക്കിയിരിക്കയാണല്ലോ. രാഷ്ട്രീയലാഭത്തിനായി തെരുവ് ചോരക്കളമാക്കി നാല് വോട്ടിനായി പ്രാകൃതാചാരങ്ങൾക്ക് കുടപിടിയ്ക്കുന്ന ഹിന്ദു വർഗ്ഗീയതയുടെ വക്താക്കളോട് നമുക്ക് ഒരു സംഭാഷണമേ സാദ്ധ്യമല്ല. എന്നാൽ, രാഷ്ട്രീയ വർഗ്ഗീയ കക്ഷികളുടെ തെറ്റായ പ്രചരണത്തിന്റെ പേരിൽ തെരുവിലിറങ്ങുന്ന യഥാർത്ഥ ഹിന്ദുമതവിശ്വാസികളായ ഭക്തരോട് ഒരു സംവാദം അർത്ഥസമ്പൂർണ്ണമാണ്. ഇങ്ങിനെയൊരു സംവാദം ഒരു ഗാന്ധിയൻ പ്രാർത്ഥനയാണ്.

ദക്ഷിണാഫ്രിക്കയിലെയും ഇന്ത്യയിലെയും ഗാന്ധിയുടെ എല്ലാ സത്യഗ്രഹസമരങ്ങളിലും ആശ്രമങ്ങളിലും ആയിരക്കണക്കിന് സ്ത്രീകളുണ്ടായിരുന്നു. വിദ്യാസമ്പന്നർ, നിരക്ഷരർ, നെയ്ത്തുകാർ, വീട്ടമ്മമാർ, തൊഴിലാളികൾ തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിൽനിന്നുമുള്ള സ്ത്രീകൾ ജാതിമത വർഗ്ഗ ഭേദമന്യേ ഗാന്ധിയോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. ശരീരംകൊണ്ടും മനസ്സുകൊണ്ടും സ്ത്രൈണത അനുഭവിച്ചറിഞ്ഞ ഗാന്ധി അവരെ തുല്യരായിട്ടാണ് കണ്ടത്. ഏതെങ്കിലും ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ അവർ മാറ്റി നിർത്തപ്പെടേണ്ടവരല്ലയെന്ന് ഗാന്ധിയ്ക്ക് ബോദ്ധ്യപ്പെട്ടിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ചരിത്രത്തിൽ ഗാന്ധിയൻ സമരങ്ങളിൽ പങ്കെടുത്ത സ്ത്രീകളുടെ എണ്ണം മറ്റൊരു സാമ്രാജ്യത്ത വിരുദ്ധസമരങ്ങളിലും ഉണ്ടായിട്ടില്ല. തന്റെ അമ്മ പുത്‌ലിഭായിയും ഭാര്യ കസ്തൂർബായുമാണ് സത്യഗ്രഹത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചതെന്ന് ഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്. ഗാന്ധിയൻ ജീവിതസ്ഥലികളിൽ സ്ത്രീയ്ക്ക് എവിടെയും പ്രവേശനമുണ്ട്. ക്ഷേത്രമായാലും, കോടതിയായാലും, പണിസ്ഥലമായാലും, തെരുവായാലും; ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളിൽ വിശേഷിച്ചും.

ഗാന്ധിയോളം ഹിന്ദുവായ ഒരു വ്യക്തിയെ നമുക്ക് കണ്ടെത്താനാവില്ല. ആധുനിക ഇന്ത്യൻ ചരിത്രത്തിൽ. ഗാന്ധി തന്നെ വിശേഷിപ്പിച്ചത് സനാതന ഹിന്ദുവായിട്ടാണ്. ആരാണ് ഗാന്ധിയുടെ സനാതന ഹിന്ദു?

"ഹിന്ദുയിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ വിശ്വസിയ്ക്കുന്നവനാണ് സനാതന ഹിന്ദു." എന്താണ് ഹിന്ദുയിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ? "ഹിന്ദുയിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ അഹിംസയിലും സത്യത്തിലുമുള്ള പരിപൂർണ്ണ വിശ്വാസമാണ്." (പുറം 374; പുസ്തകം 26; ഗാന്ധിയുടെ സമാഹൃത കൃതികൾ). ഹിന്ദുയിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളായ അഹിംസയിലും സത്യത്തിലും യാതൊരു വിശ്വാസവുമില്ലാത്ത ഹിംസയും അസത്യവും ആയുധമാക്കിയ രാഷ്ട്രീയക്കാരാണ് ഹിന്ദുയിസത്തിന്റെ പേരിൽ ഭക്തരെ തെരുവിലിറക്കുന്നത്; ശബരിമല പ്രവേശനത്തിന്റെ പേരിൽ. ഇവർ യാഥാസ്ഥിതികരാണ്; ഏത് കാലത്തും അന്ധവിശ്വാസജടിലമായ ആചാരാനുഷ്ഠാനങ്ങളെ സ്വാർത്ഥലാഭങ്ങൾക്കായി കൂട്ടുപിടിയ്ക്കുന്നവർ.

അവർണർക്ക് പൊതുവഴികളും ക്ഷേത്രങ്ങളടക്കമുള്ള പൊതുയിടങ്ങളും തുറന്നുകൊടുക്കുവാൻ ഗാന്ധി നടത്തിയ സത്യഗ്രഹസമരങ്ങൾ യാഥാസ്ഥിതിക ഹിന്ദുയിസത്തിനെതിരായിരുന്നു. വൈക്കം-ഗുരുവായൂർ സത്യഗ്രഹങ്ങൾ പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും, ഒരു ശാസ്ത്രജ്ഞന്റെ സൂക്ഷ്മതയോടെയാണ് അദ്ദേഹം യാഥാസ്ഥിതിക ഹിന്ദുയിസത്തിന്റെ ജീർണതയെ അധഃകരിക്കുവാനായി അഹിംസാ സമരങ്ങൾ ആസൂത്രണം ചെയ്തത്. ഹിന്ദുയിസത്തിന്റെ ജീർണതയെയാണ് അദ്ദേഹം എതിർത്തത്. അതിൽ കുടുങ്ങിപ്പോയ വ്യക്തികളെയല്ല. വൈക്കം സത്യഗ്രഹത്തിൽ തിരുവിതാംകൂർ ഭരണാധികാരികൾ സത്യഗ്രഹികളെ യാഥാസ്ഥിതിക ഹിന്ദുക്കളുടെ ഗുണ്ടാ ആക്രമണങ്ങൾക്ക് വിട്ടുകൊടുത്തപ്പോൾ ഗാന്ധി പറഞ്ഞു: "ഏവർക്കുമറിയാം, യാഥാസ്ഥിതികത്ത്വം മിക്കപ്പോ

ഴും എന്തും ചെയ്യാൻ മടിയില്ലാത്തതും വിട്ടുവീഴ്ചയ്ക്ക് തയ്യാറില്ലാത്തതുമാണ്. പരിഷ്ക്കരണവുമായി താരതമ്യപ്പെടുത്തുമ്പോൾ യാഥാസ്ഥിതികതയ്ക്ക് പിന്നിൽ അന്തസ്സും ജനസമ്മതിയുമുണ്ടാകാം. അതുകൊണ്ടാണ് ശിക്ഷിക്കപ്പെടില്ലായെന്ന ധൈര്യത്തിൽ യാഥാസ്ഥിതികർ കാര്യങ്ങൾ ചെയ്യുന്നത്; പാവപ്പെട്ട പരിഷ്ക്കരണവാദിക്ക് അതിന് സാധിക്കുന്നില്ല." (പുറം 346; പുസ്തകം 24). ശബരിമല സ്ത്രീ പ്രവേശനത്തിനെതിരെ വിശ്വാസികളെ തെരുവിലിറക്കുന്ന രാഷ്ട്രീയകച്ചവടക്കാർക്ക് ഗാന്ധിയുടെ വാക്കുകൾ നന്നായി ചേരുന്നില്ലേ?

വൈക്കം സത്യഗ്രഹകാലത്ത് ഗാന്ധി യാഥാസ്ഥിതിക ഹിന്ദുമതത്തിന്റെ വക്താവായി വന്ന ഇണ്ടൻതുരുത്തി നമ്പ്യാതിരിയുമായി അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് സംസാരിക്കുകയുണ്ടായി. രാജഗോപാലാചാരി, മഹാദേവ ദേശായി, രാമദാസ് ഗാന്ധി, കൃഷ്ണസ്വാമി അയ്യർ എന്നിവർ ഗാന്ധിയെ അനുഗമിച്ചിരുന്നു. അദ്ദേഹം മൂന്ന് മണിക്കൂറിലധികം നമ്പ്യാതിരിയുമായും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരുമായും സംസാരിച്ചു. (മാർച്ച് 10, 1925)

അവർണർ ക്രിമിനലുകളേക്കാളും മൃഗങ്ങളെക്കാളും മോശപ്പെട്ടവരാണോയെന്ന ഗാന്ധിയുടെ ചോദ്യത്തിന് നമ്പ്യാതിരി പറഞ്ഞു, അങ്ങിനെയാവണം, അല്ലെങ്കിൽ ദൈവം അവർണരായി പിറക്കാൻവിട്ട് അവരെ ശിക്ഷിക്കില്ലല്ലോ. ദൈവം ശിക്ഷിക്കട്ടെ, താങ്കളെന്തിനാണ് ദൈവത്തിന്റെ സ്ഥാനത്തുനിന്ന് അവരുടെ ശിക്ഷ കൂട്ടുന്നത്, എന്ന് ഗാന്ധി തിരിച്ചു ചോദിച്ചു. താങ്കളുടെ ഏത് ശാസ്ത്രഗ്രന്ഥത്തിലാണ് പൊതുവഴികൾ അവർണർ ഉപയോഗിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ളത്? താങ്കൾക്കറിയുമോ താങ്കൾ തെറ്റായ സമീപനമാണ് കൈക്കൊള്ളുന്നതെന്നാണ് ദിവാൻ വിചാരിക്കുന്നത്; ഗാന്ധി ചോദിച്ചു.

അത് ദിവാന്റെ അഭിപ്രായം, അദ്ദേഹത്തിന് ആ അഭിപ്രായം കൊണ്ടുനടക്കാം. എന്തുകൊണ്ടാണ് താങ്കൾ, അവർണർ 'അടിച്ചമർത്തപ്പെട്ട'വരാണെന്ന പദം ഉപയോഗിക്കുന്നത്, അവർ എന്തുകൊണ്ട് അടിച്ചമർത്തപ്പെട്ടു എന്ന് താങ്കൾക്കറിയുമോ, നമ്പ്യാതിരി ഇടപെട്ടു.

ഗാന്ധി: "ഓ, തീർച്ചയായും. ജാലിയൻ വാലാബാഗിൽ നിഷ്ക്കളങ്കരായ മനുഷ്യരെ ജനറൽ ഡയർ കൂട്ടക്കൊല ചെയ്ത അതേ കാരണത്താൽ."

നമ്പ്യാതിരി: "അപ്പോൾ താങ്കൾ പറയുന്നത് ഈ ആചാരം ഉണ്ടാക്കിയവർ ഡയർമാരാണെന്നാണോ? താങ്കൾ ശങ്കരാചാര്യരെ ഒരു ഡയർ എന്ന് വിളിക്കുമോ?"

ഗാന്ധി: "ഞാനൊരു ആചാര്യനേയും ഡയർ എന്ന് വിളിക്കുന്നില്ല. എന്നാൽ താങ്കളുടെ പ്രവൃത്തിയെ ഡയറിസമായിട്ടാണ് ഞാൻ അടയാളപ്പെടുത്തുന്നത്. മാത്രവുമല്ല, ഈ ആചാരം ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്തം ഏത് ആചാര്യനാണെങ്കിലും അദ്ദേഹത്തിന്റെ അജ്ഞത ജനറൽ ഡയറിന്റേത്രയും പൈശാചികമാണ്."

.... തുടർന്ന് ഗാന്ധി നമ്പ്യാതിരിയോട് ചോദിച്ചു: "....ശരി, കോടതി അവർണർക്ക് പൊതുവഴി തുറന്നുകൊടുക്കുവാൻ നിശ്ചയിക്കുകയാണെങ്കിൽ?"

നമ്പ്യാതിരി: "ഞങ്ങൾ പിന്നീട് ആ വഴികൾ ഉപയോഗിക്കില്ല; ഞങ്ങൾ ആ ക്ഷേത്രങ്ങൾ ഉപേക്ഷിക്കും."

നമ്പ്യാതിരി തന്റെ ആചാരത്തിൽ അന്ധമായി ഉറച്ചുനിന്നു. ആ സംഭാഷണം വഴിമുട്ടി. 1963-ൽ നമ്പ്യാതിരി താമസിച്ചിരുന്ന മന എ.ഐ.ടി.സിയുടെ ഓഫീസായി രൂപാന്തരപ്പെട്ടത് ചരിത്രത്തിൽ ഒരു തമാശ മാത്രം.

എന്നാൽ, ഗാന്ധി സൂചിപ്പിച്ച ജാലിയൻ വാലാബാഗ് കൂട്ടക്കുരുതി നടത്തിയ ജനറൽ ഡയറിന്റെ പൈശാചികതയാണ് നമ്പ്യാതിരിയിലൂടെ അദ്ദേഹത്തിന്റെ സവർണ അനുചരന്മാരെയും ആവേശിച്ചിട്ടുള്ളത്. യഥാർത്ഥ ഹിന്ദു മതവിശ്വാസികൾ ഹിന്ദുമതത്തെ ജനറൽ ഡയറിന്റെ പ്രേതങ്ങളിൽനിന്ന് മോചിപ്പിക്കാൻ തെരുവുകളിൽനിന്ന് പിൻവാങ്ങണം; യഥാർത്ഥ ഹിന്ദുയിസമെന്നത് സത്യത്തിലും അഹിംസയിലുമൂന്നുന്ന ജീവിതരീതിയാണെന്ന വസ്തുത ഒരു ഗാന്ധിയൻ കണ്ണിലൂടെ വായിച്ചറിഞ്ഞത് ശരിയായ വിശ്വാസമുള്ള ആണും പെണ്ണും ശബരിമലയിൽ പ്രവേശിക്കട്ടെ.

ഒരു സ്ത്രീ തന്റെയടുത്ത് വന്ന് പ്രാർത്ഥിച്ചതുകൊണ്ട് ധർമ്മശാസ്താവിന്റെ നൈഷ്ഠിക ബ്രഹ്മചര്യം അസ്തമിക്കില്ല; ശാസ്താവിൽ ഉണ്മയായിരിക്കുന്ന സത്യം അതിനൊക്കെ അതീതമാണ്. ആചാരങ്ങളല്ല, ആയിരം സൂര്യന്മാരായി പ്രകാശിക്കുന്ന സത്യമാണ്, ഏത് മതത്തിന്റെയും അന്തസ്സത്തയെന്ന് ഗാന്ധി അടിവരയിട്ടത് ഓർക്കുക.

ആ പഴയ നമ്പ്യാതിരിയുടെ കഠിനമായ യാഥാസ്ഥിതികതയെങ്കിലും നമ്മുടെ പുതിയ യാഥാസ്ഥിതിക ഹിന്ദുക്കൾക്കുണ്ടാകട്ടെ; സ്ത്രീകൾ ശബരിമലയിൽ പ്രവേശിച്ച് ദർശനം നടത്തുകയാണെങ്കിൽ ഞങ്ങൾ ആ അമ്പലത്തിൽ കടക്കില്ലെന്ന ആ നമ്പ്യാതിരി ന്യായമെങ്കിലും. ■